**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1985** **09-12-2022 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളുടെ അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ എത്ര യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്നും തിരുവനന്തപുരം ജില്ലയിൽ അവ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നതെന്നും വിശദമാക്കുമോ; | (എ) | കേരള സർവകലാശാലയുടെ നിയന്ത്രണത്തിൽ 34 യു.ഐ.ടി. കളാണ് പ്രവർത്തിച്ചു വരുന്നത്. തിരുവനന്തപുരം ജില്ലയിൽ പിരപ്പൻകോട്, വേളി, നെയ്യാറ്റിൻകര, കുറവൻകോണം, മലയിൻകീഴ്, വെള്ളറട, കാഞ്ഞിരംകുളം, കല്ലറ, വക്കം, കാട്ടായിക്കോണം, അഴൂർ, തൊളിക്കോട്, പള്ളിക്കൽ(വർക്കല) എന്നിവിടങ്ങളിലാണ് യു.ഐ.ടി.കൾ പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | വിദ്യാർത്ഥി സമൂഹത്തിന് മിതമായ ഫീസ് നിരക്കിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് ആവശ്യമായ കരിയർ റിലേറ്റഡ് കോഴ്സുകൾ പ്രാദേശിക തലത്തിൽ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർവകലാശാല യു.ഐ. ടി കൾ ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾ ലാഭേച്ഛ കൂടാതെ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് . സ്വാശ്രയാടിസ്ഥാനത്തിൽ സർവകലാശാല നേരിട്ട് നടത്തുന്ന യു.ഐ. ടി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഫർണിച്ചർ, കമ്പ്യൂട്ടർ, ലൈബ്രറി പുസ്തകങ്ങൾ, പഠന ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി 5 ലക്ഷം രൂപ 2022 – '23 ലെ സർവകലാശാലാ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. യു.ഐ. ടി. കൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെയും മറ്റും അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കായും ആവശ്യാനുസരണം സർവകലാശാല തുക ചെലവഴിക്കുന്നുണ്ട്.<br><br>കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും ജനപ്രതിനിധികളോടും അടിസ്ഥാന സൗകര്യ വികസനത്തിനായി വേണ്ട സഹായങ്ങൾ നൽകുന്നതിന് അഭ്യർത്ഥിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ